വികസന പദ്ധതികൾ

24 [1696] *ശ്രീ. പി. ജയരാജൻ*:

„ *എം. വി. ഗോവിന്ദൻ മാസ്റ്റർ*:

„ *ടി. കെ. ദേവകുമാർ*:

„ *ടി. പി. രാമകൃഷ്ണൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസനം ത്വരിതപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എന്തൊക്കെ പദ്ധതികളാണ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) 2004-2005, 2005-2006-ലെ ബഡ്ജറ്റുകളിൽ വികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് പറയാമോ;

(ഡി) പ്രസ്തുത പദ്ധതികൾ ഓരോന്നും നടപ്പിലാക്കുന്നതിന് ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഇ) ഇതിൽ ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് പറയാമോ;

(എഫ്) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വികസനത്തിനായി ഏതെല്ലാം വിദേശ രാജ്യങ്ങളും വിദേശ ഏജൻസികളുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ടെന്ന് പറയാമോ;

(ജി) ഇതിൽ ഏതെല്ലാം രാജ്യങ്ങളും വിദേശ ഏജൻസികളുമായി ധാരണാ പത്രത്തിൽ ഒപ്പുവച്ചിട്ടുണ്ടെന്ന് പറയാമോ;

(എച്ച്) ഇതു സംബന്ധിച്ച് ഉണ്ടാക്കിയ കരാറുകളിലെ വ്യവസ്ഥകൾ എന്തൊക്കെയാണ്; പ്രസ്തുത കരാറുകളുടെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ വികസനം ത്വരിതപ്പെടുത്തുന്നതിന് താഴെപ്പറയുന്ന പ്രധാന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

(i) പൊതുമേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര നിക്ഷേപവും സംസ്ഥാന നിക്ഷേപവും വർദ്ധിപ്പിക്കൽ.

(ii) സ്വകാര്യ നിക്ഷേപവും പങ്കാളിത്തവും വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കൽ.

LIBRARY ARCHIVES Kerala Legislative Assembly

(iii) ബാങ്ക്/ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് കൂടുതൽ വായ്പാസൗകര്യം, പ്രത്യേകിച്ച് കാർഷിക മേഖലയിൽ, ലഭ്യമാക്കൽ.

(iv) കാർഷിക മേഖലയിലെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത, നിക്ഷേപം എന്നിവ വർദ്ധിപ്പിക്കൽ.

(v) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ സ്ത്രീകൾക്ക് കുടുംബശ്രീ പോലുള്ള നൂതനരീതിയിലുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ.

(vi) പരമ്പരാഗത വ്യവസായങ്ങൾ പുനരുദ്ധരീകരിക്കുന്നതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ.

(ബി) ഇതിനായി 104 പ്രോജക്ടുകൾ ഉൾക്കൊള്ളുന്ന നൂറുദിന പരിപാടിയും 315 പദ്ധതികൾ ഉൾപ്പെടുന്ന ഏകവർഷ കർമ്മപദ്ധതി (One year Action Plan)-യും കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പ്രഖ്യാപിക്കുകയുണ്ടായി;

(സി) 2004-2005, 2005-2006-ലെ ബഡ്ജറ്റുകളിൽ വികസനത്തിനായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളെ സംബന്ധിച്ചിട്ടുള്ള വിവരങ്ങൾ ഇതോടൊപ്പം വച്ചിട്ടുള്ള പട്ടികയിൽ കൊടുത്തിരിക്കുന്നു.†

(ഡി) ഈ പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുകയുണ്ടായി.

(i) 2005-2006-ൽ സമ്പൂർണ്ണ ബജറ്റ് മാർച്ച് 31-നകം പാസ്സാക്കി.

(ii) പദ്ധതിയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്ന പ്രകിയ ആരംഭിച്ചുകഴിഞ്ഞു.

(iii) ഈ വർഷം മുതൽ പദ്ധതി അവലോകനത്തിനായി ഒരു പ്രത്യേക അവലോകന സമ്പ്രദായം (Special Review System) ഏർപ്പെടുത്തിയിട്ടുണ്ട്.

(ഇ) ഈ പദ്ധതികളെല്ലാം തന്നെ പൂർത്തീകരിച്ചുവരുന്നതേയുള്ളു.

(എഫ്)—(എച്ച്) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ആരോഗ്യമേഖലയിൽ "കേരളത്തിലെ ദ്വിതീയ ആരോഗ്യ സംവിധാനം വികസിപ്പിക്കുന്ന" പ്രോജക്ടിനു വേണ്ടി ലോക ബാങ്കുമായും നഗരവികസന പദ്ധതിക്കുവേണ്ടി ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്ക് (എ.ഡി.ബി.)-മായും ചർച്ചകൾ നടത്തുകയുണ്ടായി. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തികകാര്യ (Department of Economic Affairs) വകുപ്പിൽ നിന്ന് ഇവയുടെ അന്തിമമായിട്ടുള്ള അംഗീകാരം ലഭിക്കുവാനുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly